ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി.എം.ജേക്കബ്) : സർ, ശ്രീ. നമ്പാടനെ സംബന്ധിച്ച് പറയുമ്പോൾ 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് ഭൂഷണം' എന്ന് പറഞ്ഞതുപോലെയാണ്. അതാണ് അദ്ദേഹത്തിന്റെ സമീപനം. ഈ സഭയിൽ ധാരാളം കാര്യങ്ങൾ എനിക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഇവിടെ ഇരിങ്ങാലക്കുട, കാരളം, പടിയൂർ ശുദ്ധജല വിതരണ പദ്ധതികളിൽ വൈദ്യുതി മുഴുവൻ സമയവും ലഭിക്കാത്തതിനാൽ ശുദ്ധജല വിതരണം പൂർണ്ണമായ തോതിൽ നടക്കുന്നില്ല. അതുകൊണ്ട് ഇരിങ്ങാലക്കുട ശുദ്ധജല വിതരണ പദ്ധതി പ്രദേശത്തെ രണ്ട് മേഖലകളായി തിരിച്ച് വാൽവുകൾ നിയന്ത്രിച്ച് ഒന്നിടവിട്ട ദിവസങ്ങളിൽ രണ്ട് പ്രദേശത്തും ശുദ്ധജലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശുദ്ധജലം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻവേണ്ടി ജീവനക്കാരുടെ സ്ക്വാഡ് അവിടെ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പടിയൂർ പ്രദേശത്തെ രണ്ട് മേഖലകളാക്കി തിരിച്ച് വാൽവുകൾ നിയന്ത്രിച്ചുകൊണ്ട് ഒന്നിടവിട്ട ദിവസങ്ങളിൽ പൂർണ്ണമായ തോതിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ ശുദ്ധജലവിതരണ ശൃംഖലയിലും മറ്റുമുണ്ടാകുന്ന സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(18) ചലച്ചിത്ര അവാർഡുകൾ

ശ്രീ. ജോർജ് ഈഡൻ : സർ, സംസ്ഥാന ചലച്ചിത്ര അവാർഡുകളെക്കുറിച്ച് കഴിഞ്ഞ കുറെ വർഷങ്ങളായി വിവാദങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ വർഷത്തെ ഏറ്റവും നല്ല ചിത്രമായി പ്രഖ്യാപിക്കപ്പെട്ട കഴകത്തെ സംബന്ധിച്ചും ഏറ്റവും നല്ല രണ്ടാമത്തെ ചിത്രമായി പ്രഖ്യാപിച്ച കാലാപാനിയെ സംബന്ധിച്ചും ഇന്ന് ചലച്ചിത്ര പ്രവർത്തകരുടെയിടയിലും ആസ്വാദകരുടെ ഇടയിലും വലിയ വിവാദങ്ങളുണ്ടാക്കിയിരിക്കുകയാണ്. ഇതിന്റെ തെറ്റിലേക്കും ശരിയിലേക്കും ഞാൻ കടക്കുന്നില്ല. പക്ഷേ ചലച്ചിത്ര അവാർഡ് നിർണ്ണയ കമ്മിറ്റിയിലെ അംഗങ്ങൾതന്നെ പരസ്പരം ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. കഴകം എന്നു പറയുന്ന സിനിമയ്ക്ക് അവാർഡ് കൊടുത്തില്ലെങ്കിൽ താൻ അവാർഡ് നിർണ്ണയ കമ്മിറ്റിയിൽനിന്ന് രാജിവയ്ക്കുമെന്ന് ഒരംഗമായ വി. ആർ. ഗോപിനാഥ് പറഞ്ഞു. അതുപോലെ ആ കമ്മിറ്റിയിലെ മറ്റൊരു അംഗമായ പ്രശസ്ത സിനിമാതാരം, സീമ പറയുന്നു. അങ്ങനെ ഈ ചലച്ചിത്ര അവാർഡ് കമ്മിറ്റിയിലെ അംഗങ്ങൾതന്നെ ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ചലച്ചിത്ര ആസ്വാദകരെ കളിയാക്കുകയാണ്. ഈ ഏർപ്പാട് അവസാനിപ്പിക്കണം. കഴകമായാലും കാലാപാനി ആയാലും കഥാപുരുഷൻ ആയാലും കേരളത്തിലെ ജനങ്ങളൊന്നും ഈ ചിത്രങ്ങളൊന്നും കണ്ടിട്ടില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് തിയേറ്ററുകളിൽ റിലീസ്ചെയ്യുന്ന ചിത്രങ്ങൾ മാത്രമേ ചലച്ചിത്ര അവാർഡിന് പരിഗണിക്കാവൂ. ഇവിടെ കുറെ ചലച്ചിത്ര സംവിധായകർ ഇറങ്ങിയിട്ടുണ്ട്. നമ്മുടെ ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദിനെപ്പോലെ താടി വളർത്തി നീളമുള്ള ജുബ്ബായും കഴുത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സഞ്ചിയുമൊക്കെയായി നടക്കുന്ന ആളുകൾ. അവരുടെ സിനിമയിലെ നായകൻ ബീഡി മാത്രം തുടരെത്തുടരെ വലിക്കുന്ന സിനിമ. ഇങ്ങനെ അവാർഡുകൾക്കുവേണ്ടി മാത്രമായി എടുക്കുന്ന ഒരു വിഭാഗം സിനിമകൾ ഇറങ്ങിയിട്ടുണ്ട്. അതൊന്നും ഈ നാട്ടിലെ ജനങ്ങൾ ഉപ്പുപ്പടമായിട്ടുപോലും കണ്ടിട്ടില്ല. ഇങ്ങനെ പെട്ടികളിൽനിന്നും പലപല ഫിലിം ഫെസ്റ്റിവലുകളിലേക്ക്മാത്രം പോകുന്ന കുറെ ചിത്രങ്ങളുണ്ട്. അവാർഡ് വാങ്ങിക്കാശുണ്ടാക്കാൻവേണ്ടി മാത്രം ഉണ്ടാക്കുന്ന ചിത്രങ്ങളാണിത്. ഇതു ശരിയല്ല. ഞാൻ പറയുന്നത് ജനങ്ങളുടെ കലയാണ് സിനിമ. ലക്ഷക്കണക്കായ ആസ്വാദകർ ഈ നാട്ടിലുണ്ട്. അവർക്ക് കാണാൻ കഴിയാത്തതും ആസ്വദിക്കാൻ കഴിയാത്തതും സിനിമ ആകുന്നത് എങ്ങനെയാണ്. സിനിമയെപ്പറ്റി വിവരമുള്ളവരും സാങ്കേതിക ജ്ഞാനമുള്ളവരും ആസ്വദിക്കാൻ കഴിയുന്നവരുമൊന്നും ഈ കമ്മിറ്റിയിൽ ഇല്ല. ലക്ഷക്കണക്കിന് വരുന്ന കേരളത്തിലെ സിനിമാ ആസ്വാദകരുടെ ഏതെങ്കിലും പ്രതിനിധി ചലച്ചിത്ര അവാർഡുനിർണ്ണയ സമിതിയിൽ ഉണ്ടോ ? ഈ നിയമസഭയിൽതന്നെ ചലച്ചിത്രരംഗവുമായിട്ട് ബന്ധപ്പെട്ട ഒത്തിരി ആളുകളുണ്ട്. അശ്വത്ഥാമാവ് എന്നുപറയുന്ന സിനിമയിൽ അഭിനയിച്ച നമ്മുടെ ലോനപ്പൻ നമ്പാടൻ, അയ്യങ്കാളിയായി അഭിനയിച്ച ശ്രീ. കെ.കെ. ബാലകൃഷ്ണൻ, അതുപോലെ മഹർഷി എന്നുപറയുന്ന സിനിമ സംവിധാനം ചെയ്യുകയും ഉപ്പ് എന്നുപറയുന്ന സിനിമയിൽ അഭിനയിക്കുകയും ചെയ്ത ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്, സ്വന്തം പേരിൽതന്നെ ചിത്രമുള്ള ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ഒന്നാംതരം ഒരു ഗാനരചയിതാവായ ശ്രീ.പന്തളം സുധാകരൻ, പിന്നെ ഏത് ഉർവ്വശി നടിയേയും വെല്ലാൻ കഴിവുള്ള അസാമാന്യ അഭിനയ സിദ്ധിയുള്ള നമ്മുടെ ശോഭനാ ജോർജ്ജ് തുടങ്ങിയ ഒട്ടേറെ സിനിമാതാരങ്ങളും ഈ നിയമസഭയിൽ തന്നെ ഉണ്ട്. അതുകൊണ്ട് സിനിമയുമായി ബന്ധമുള്ള, അത് ആസ്വദിക്കാൻ കഴിയുന്ന ഞാൻ നിർദ്ദേശിച്ച ഈ ആളുകളെയെല്ലാം അവാർഡ് നിർണ്ണയ കമ്മിറ്റിയിൽ വയ്ക്കുകയും സിനിമയെപ്പറ്റി നല്ല വിവരമുള്ള എന്നെതന്നെ അതിന്റെ ചെയർമാനാക്കി വച്ചുകൊണ്ട് ഇത് പുനഃസംഘടിപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : നമ്മുടെ നിയമസഭയിലല്ല ഈ അംഗങ്ങൾക്കും ഒരു അവാർഡ് കൊടുക്കാം.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ശ്രീ. ജോർജ്ജ് ഇപ്പോൾ അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ചെയർമാനാക്കിയാൽ ഗതി എന്താകുമെന്നുള്ളത് പറയാതിരിക്കുകയായിരിക്കും ഭേദം. അദ്ദേഹം ഒരു കാര്യം വിട്ടുപോയി. നല്ല ഒരു പിന്നണിഗായിക നമുക്കുണ്ട്; നമ്മുടെ മന്ത്രി (ശ്രീമതി എം.ടി.പത്മ. അവർ മൂന്ന് എം.എൽ.എ. മാരുടെ പരിപാടിക്ക് നല്ല ഒരു ഗാനം ആലപിച്ചതാണ്. അപ്പോൾ അവരേയുംകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാം. ഇവിടെ ചലച്ചിത്ര അവാർഡിനെ സംബന്ധിച്ച് സൂചിപ്പിച്ച കാര്യം, ഓരോ വർഷത്തിലും ഡിസംബർ മാസം വരെ സ്ക്രീൻ ചെയ്യുന്ന ചിത്രങ്ങളാണ് നമ്മൾ മൽസരത്തിന് ക്ഷണിക്കുക. അങ്ങനെ ഒരു അവാർഡിന്റെ നോട്ടിഫിക്കേഷൻ വന്നതിനുശേഷം കിട്ടിയ ചിത്രങ്ങളാണ് സ്ക്രീൻ ചെയ്തത്. എല്ലാ വർഷങ്ങളിലും ഇങ്ങനെ വിവാദങ്ങൾ ഉണ്ടാകുന്നുണ്ട്, ഇതിനകത്ത് ഒരു കാര്യം ഗവൺമെന്റിനെ സംബന്ധിച്ച് പറയാനുള്ളത് ജൂറിയിൽ അംഗങ്ങളായിരുന്ന ആളുകൾ തമ്മിൽ പരസ്പരം

LIBRARY ARCHIVES Kerala Legislative Assembly

വാദപ്രതിവാദങ്ങളും നടത്തുന്നത് ഒരിക്കലും ഭൂഷണമല്ല. മന്ത്രി എന്നുള്ള നിലയിൽ എന്റെ കൈയിൽ ജൂറി അംഗങ്ങളും ഒപ്പിട്ടു തന്നിരിക്കുന്ന കടലാസ്സുകളും ഔദ്യോഗികമായിട്ട് ഉണ്ട്. അതിനകത്ത് എല്ലാവരും ഐകകണ്ഠ്യേനയാണ് അഭിപ്രായം പറഞ്ഞിരിക്കുന്നത്. ചിത്രങ്ങളെ സംബന്ധിച്ചുള്ള അവരുടെ വിലയിരുത്തലും നടീനടൻമാർക്ക് കിട്ടിയിരിക്കുന്ന അവാർഡുകളെ സംബന്ധിച്ചുമെല്ലാം അവർ ഐകകണ്ഠ്യേന ഒരു തീരുമാനമാണ് എടുത്ത് ഗവൺമെൻറിനെ അറിയിച്ചത്. ഔദ്യോഗികമായി ആരും അറിയിക്കാത്ത ഒരു സാഹചര്യത്തിൽ പത്രത്തിൽ വന്ന വാർത്ത മാത്രമേ ഞങ്ങൾക്ക് ആധാരമായിട്ട് ഉള്ളൂ. എന്താണെങ്കിലും കഴിയുന്നിടത്തോളം കുറ്റമറ്റ നിലയിൽ ജൂറി അംഗങ്ങളെ കണ്ടുപിടിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. ഒരു കാര്യം ഞാൻ സൂചിപ്പിക്കട്ടെ, ഇപ്പോഴും ജൂറിയിൽ അംഗങ്ങളായി വരാൻ ആളുകളും വൈമനസ്യം കാണിക്കുകയാണ്. ആവശ്യം ഇല്ലാത്ത വിവാദങ്ങളും ഉയർത്തുന്നത് നമുക്ക് വളരെയേറെ ദോഷം ചെയ്യും. സിനിമാരംഗത്ത് മലയാള സിനിമ ഒരു പ്രതിസന്ധിയെ നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള ഒരു ഭാഗമായിട്ടുകൂടി വേണം ഈ അവാർഡുകളെ നമ്മൾ കാണാൻ. അവാർഡ് ലഭിക്കുന്ന പടങ്ങളെ സംബന്ധിച്ച് വ്യത്യസ്തമായ കാഴ്ച്ചപ്പാട് കാണും. അതിന്റെ സാങ്കേതിക മികവിനെ കുറിച്ചോ അല്ലെങ്കിൽ മറ്റ് കാര്യങ്ങളെക്കുറിച്ചോ ഒന്നും ആധികാരികമായിട്ട് അഭിപ്രായം പറയാൻ ഞാൻ ആളല്ല. ഞാൻ അത് പറയാൻ ആഗ്രഹിക്കുന്നുമില്ല. അതുപോലെതന്നെ സിനിമാ ആസ്വാദകരുടെ പ്രതിനിധിയെ അവാർഡ് നിർണ്ണയകമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞു. ഇവിടെ ഒരു കീഴ്വഴക്കമുണ്ട്. ആ കീഴ്വഴക്കങ്ങളുടെ അടിസ്ഥാനത്തിലാണ് നമ്മൾ ജൂറി അംഗങ്ങളെ നിശ്ചയിക്കുന്നത്. പലപ്പോഴും ദേശീയതലത്തിൽ നല്ല ചിത്രത്തെ സംബന്ധിച്ചും നല്ല നടിയെ സംബന്ധിച്ചും നല്ല നടനെ സംബന്ധിച്ചുമൊക്കെ വോട്ടിനിട്ട് അവാർഡ് നിശ്ചയിച്ച പല കാലഘട്ടങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള പ്രശ്നങ്ങളും പലപ്പോഴും ഉണ്ടായിരിക്കുന്നു. കഴിയുന്നിടത്തോളം വിവാദങ്ങളും ഒഴിവാക്കേണ്ടതാണ്. വിവാദങ്ങളുണ്ടാകണമെന്ന് ഗവൺമെൻറിന് ആഗ്രഹമില്ല. ഉണ്ടാക്കണമെന്നും ആഗ്രഹമില്ല. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നമുക്ക് ഇനി ചലച്ചിത്ര അവാർഡ് നിർണ്ണയിക്കുന്ന കമ്മിറ്റിയിൽ ശ്രീ. ജോർജ്ജ് ഈഡന്റെ പേരൊക്കെ പിന്നീട് പരിഗണിക്കാം. ശ്രീ. ജോർജ്ജ് ഈഡനെപ്പോലെ നല്ല ഒരു ആസ്വാദകൻ നിയമസഭയിലുണ്ട് എന്നുള്ളത് നമുക്ക് വളരെ പ്രതീക്ഷയ്ക്ക് വക നൽകുന്നുണ്ട്. അങ്ങയെക്കൂടി ആ കാര്യത്തിന് പരിഗണിച്ചാലും വലിയ കുഴപ്പമില്ലെന്ന് തോന്നുന്നു. അത് നമുക്ക് വേറൊരു ഘട്ടത്തിൽ പരിശോധിക്കാം.

(19) പയ്യന്നൂർ റെയിൽവേ സ്റ്റേഷനടുത്ത് എഫ്. സി. ഐ. ഗോഡൗണിനുവേണ്ടി എടുത്ത സ്ഥലത്തിന് നഷ്ടപരിഹാരം

ശ്രീ. സി. പി. നാരായണൻ : സർ, പയ്യന്നൂർ റെയിൽവേ സ്റ്റേഷനോട് തൊട്ടടുത്ത് എഫ്. സി. ഐ. ഗോഡൗൺ നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനു ശ്രമം തുടങ്ങിയിട്ട് എട്ട് വർഷം കഴിഞ്ഞു. അന്നു മുതൽ ഭൂവുടമകളും അവരുടെ സ്ഥലം ഗവൺമെൻറ് ഏറ്റെടുക്കുന്നതും പ്രതീക്ഷിച്ച് ഇരിക്കുകയാണ്. ഗോഡൗണിനു വേണ്ടി ഏകദേശം 20 ഏക്കറോളം വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly